# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2022 ജനുവരി 24

# വാർത്താക്കുറിപ്പ്

---

## <u>എംജി -ജിസ് സംയുക്ത ഗവേഷണ പദ്ധതിക്ക് കേന്ദ്ര സർക്കാർ ധനസഹായം</u>

മഹാത്മാഗാന്ധി സർവ്വകലാശാല കൊൽക്കൊത്തയിലെ ജിസ് (ജെഐഎസ്) സർവ്വകലാശാലയുമായി ചേർന്ന് സമർപ്പിച്ച ക്രിത്രിമ അവയവ നിർമ്മാണവുമായി ബന്ധപ്പെട്ട ബയോ ഇങ്ക് (ജൈവ മഷി) വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണ പദ്ധതിക്ക് കേന്ദ്ര സർക്കാരിന് കീഴിലുള്ള സയൻസ് ആൻറ് എഞ്ചിനിയറിംഗ് റിസർച്ച് ബോർഡിൻറെ (എസ്.ഇ.ആർ.ബി) അംഗീകാരം. എസ്.ഇ.ആർ.ബി.യുടെ കോർ റിസർച്ച് ഗ്രാൻറ് പദ്ധതിക്ക് കീഴിൽ ഗവേഷണത്തിന് 54 ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും. ത്രിമാന ബയോ പ്രിൻറിംഗ് സാങ്കേതിക വിദ്യ ഉപയോഗിച്ച് സൂക്ഷ്മാണുക്കളിൽ നിന്ന് പ്രകൃതിദത്ത പോളിമർ നിർമിച്ച് അതിൽ നിന്ന് ബയോ ഇങ്ക് നിർമ്മിക്കുന്നതിനുള്ളതാണ് ഈ ഗവേഷണ പദ്ധതി.

ചെലവ് കുറഞ്ഞ, വിഷ വിമുക്തമായ പോളിമർ സാമഗ്രികൾ ഉപയോഗിച്ച് ക്രിത്രിമ അവയവങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്ന ഈ ഗവേഷണ പദ്ധതിക്ക് മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറും പോളിമർ ശാസ്ത്ര മേഖലയിലെ അറിയപ്പെടുന്ന ശാസ്ത്രജ്ഞനും ഗവേഷകനുമായ പ്രൊഫ. സാബു തോമസും ജിസ് സർവ്വകലാശാല - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ആൻറ് റിസർച്ച് ഗ്രൂപ്പിലെ പ്രൊഫ. പ്രൊസെൻജിത് സാഹയുമാണ് നേതൃത്വം നൽകുക.

ക്രിത്രിമ അവയവ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രകൃതി സൗഹൃദവും ചെലവു കുറഞ്ഞതുമായ ത്രിമാന പ്രിൻറിംഗ് രീതിക്ക് മെച്ചപ്പെട്ട വിപണന സാധ്യതകളാണുള്ളത്. ഇതിനായി മേഖലയിലെ ഗവേഷണ-ഉത്പാദന രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി സഹകരിച്ച് മൂന്ന് വർഷത്തിനുള്ളിൽ പുതിയ ഉത്പന്നങ്ങൾ വിപണിയിൽ എത്തുന്നതിനുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് പ്രൊഫ. സാബു തോമസ് പറഞ്ഞു.

(പി.ആർ.ഒ./39/111/2022)

## <u>എം.ജി. ഓഫീസിന് ഇന്ന് (ജനുവരി -25) അവധി</u>

ജില്ലാ കളക്ടർ പ്രാദേശീകാവധി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മഹാത്മാഗാന്ധി സർവ്വകലാശാല ആസ്ഥാനത്തെ ഓഫീസ്, ഡിപ്പാർട്ട്മെൻറുകൾ, സ്കൂളുകൾ, സെൻററുകൾ എന്നിവയ്ക്ക് ജനുവരി 25 ചൊവ്വാഴ്ച അവധിയായിരിക്കുമെന്ന് വൈസ് ചാൻസലർ അറിയിച്ചു. അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പരിധിക്ക് പുറത്തുള്ള സർവ്വകലാശാല സ്ഥാപനങ്ങൾക്ക് അവധി ബാധകമല്ല. നേരത്തെ നിശ്ചയിച്ചിട്ടുള്ള പരീക്ഷകളും പൊതു പരിപാടികളും മാറ്റമില്ലാതെ നടക്കും.

(പി.ആർ.ഒ./39/112/2022)

## പരീക്ഷ മാറ്റി

ജനുവരി 28 ന് തുടങ്ങാനിരുന്ന രണ്ടാം സെമസ്റ്റർ ബി.എൽ.ഐ.എസ്.സി. (2020 അഡ്മിഷൻ - റെഗുലർ / 2019, 2018 അഡ്മിഷൻ - സപ്ലിമെന്ററി / 2009 അഡ്മിഷൻ മുതൽ - മേഴ്സി ചാൻസ് (അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്) / 2016 അഡ്മിഷൻ - മേഴ്സി ചാൻസ് (ഡിപ്പാർട്ട്മെന്റ് മാത്രം) പരീക്ഷകൾ മാറ്റി. പുതുക്കിയ സമയക്രമമനുസരിച്ച് പരീക്ഷകൾ ഫെബ്രുവരി 18 ന് ആരംഭിക്കും.

(പി.ആർ.ഒ./39/113/2022)

## പി.എച്ച്.ഡി. പ്രവേശന പരീക്ഷാഫലം

2021 ഡിസംബറിൽ കോട്ടയം സി.എം.എസ് കോളജിൽ നടന്ന 2021 ലെ പി.എച്ച്.ഡി. പ്രവേശന പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. 'പ്രൊവിഷണലി പാസ്സ്ഡ്' പട്ടികയിൽപ്പെട്ടിട്ടുള്ള അപേക്ഷകർ തങ്ങളുടെ ആപ്ലിക്കേഷന്റെ ഹാർഡ് കോപ്പിയും മറ്റ് അനുബന്ധ പ്രമാണങ്ങളും സഹിതം ഫലം പ്രസിദ്ധീകരിച്ച തീയതി മുതൽ 14 ദിവസത്തിനകം 'അസിസ്റ്റന്റ് രജിസ്ട്രാർ XXI (എക്സാം), മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി. പി.ഡി. ഹിൽസ് - 686 560' എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം രേഖകൾ ഹാജരാക്കാത്ത അപേക്ഷകരെ അന്തിമ പട്ടികയിൽ നിന്ന് ഒഴിവാക്കും. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/114/2022)

## വൈവാ വോസി

2021 ഡിസംബറിൽ നടന്ന ഒന്ന്, രണ്ട്, മൂന്ന് സെമസ്റ്റർ ബി.വോക് (2014 - 2018 അഡ്മിഷൻ - സപ്ലിമെന്ററി / മേഴ്സി ചാൻസ്) പരീക്ഷയുടെ ഭാഗമായ പ്രാക്ടിക്കൽ / പ്രോജക്ട് / വൈവാ വോസി പരീക്ഷകൾ ഫെബ്രുവരി 15 വരെയുള്ള തീയതികളിൽ അതത് കോളേജുകളിൽ നടക്കും. വിശദവിവരങ്ങൾ കോളേജുകളിൽ ലഭിക്കും.

(പി.ആർ.ഒ./39/115/2022)

## പരീക്ഷാ ഫലം

2021 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. മൾട്ടിമീഡിയ (സി.എസ്.എസ്.- റെഗുലർ) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. വിശദ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/116/2022)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ